# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നംമ്പർ : 1404/11/12/2023/ TVM

പരാതികക്ഷി : ബി.ശ്രീകുമാർ,അനുശ്രീഭവൻ
പാറപൊറ്റ,ഊരൂട്ടമ്പലം
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 03.04.2024**

തിരുവനന്തപുരം ജില്ലാ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന 12 പേർ ഒപ്പിട്ട് സമർപ്പിച്ച പരാതിയാണിത്. മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ചീനിവിള വാർഡിൽ പരാതിക്കാർ താമസിക്കുന്ന പ്രദേശത്ത് സഞ്ചാരയോഗ്യമായ വഴിയോ, വഴിവിളക്കോ കുടിവെള്ളമോ ഇല്ലായെന്നും 12 കുടുംബങ്ങൾ ഇതുമൂലം പ്രയാസം അനുഭവിക്കുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയും മറ്റു കുടുംബാംഗങ്ങളും ചീനിവിള വാർഡിൽ പാറപൊറ്റ എന്ന സ്ഥലത്താണ് താമസിക്കുന്നതെന്നും, നിലവിൽ 4 കുടുംബങ്ങളാണ് ടി സ്ഥലത്ത് താമസിച്ചുവരുന്നതെന്നും, ചീനിവിള വാർഡിൽ ഇടത്തറ - വെള്ളൂർക്കോണം റോഡിൽ നിന്നും ആരംഭിക്കുന്ന ഒരു നടവഴിയോട് ചേർന്നാണ് ടി കുടുംബാംഗങ്ങൾ താമസിക്കുന്നതെന്നും, ടി നടവഴിയിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ലൈൻ നിലവിൽ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ലായെന്നും, ടി നടവഴിയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചാൽ മാത്രമെ ടി കുടുംബാംഗങ്ങൾക്ക് കുടിവെള്ളത്തിൻെറ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂവെന്നും, പ്രാദേശിക സ്ഥല പരിശോധന നടത്തിയതിൽ ടി മൺ നടപ്പാത ഗതാഗതയോഗ്യമാണെന്ന് കാണുന്നതായും, ഈ നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനും വഴി വിളക്കുകൾ സ്ഥാപിക്കുന്നതിനും ഗ്രാമസഭ മുഖേന നിർദ്ദേശം ലഭിക്കേണ്ടതുണ്ടെന്നും, ജലജീവൻ മിഷൻ പദ്ധതി മുഖേന ഗ്രാമപഞ്ചായത്തിലെ ചീനിവിള വാർഡിൽ എല്ലാ വീടുകളിലും സൗജന്യ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന്

നെയ്യാറ്റിൻകര വാട്ടർ അതോരിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ പരാതി നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു പരാതികക്ഷികൾ താമസിക്കുന്ന പ്രദേശത്ത് സഞ്ചാരയോഗ്യമായ വഴി നിർമ്മിക്കുന്നതിനും, വഴി വിളക്കുകൾ സ്ഥാപിക്കുന്നതിനും നടപടി ഉണ്ടാകേണ്ടതാണെന്നും, ജലജീവൻ പദ്ധതിയുടെ ആനുകൂല്യം പരാതികക്ഷികളുടെ കുടുംബങ്ങൾക്ക് കൂടി ലഭ്യമാക്കേണ്ടതാണെന്നുമുള്ള നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരിൻെറ പകർപ്പ് മാറനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ